**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4721 22/03/2018 ൽ മറുപടിക്ക്**

## ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വ്യവസായ സംരംഭകർക്ക് മികച്ചതരത്തിലുള്ള സേവനം നൽകിവരുന്നുണ്ട്. സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ നൽകാനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾതോറും ബിസിനസ്സ് ഇൻകുബേഷൻ സെൻററുകളും, ഇൻഫർമേഷൻ കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. വ്യവസായജാലകം പദ്ധതി വഴി ജില്ലകളിലെ വ്യവസായ സംരംഭങ്ങളുടെയെല്ലാം ജിയോ ടാഗ്ഗിംഗ് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും താലൂക്കുകളിലുമായി സ്കിൽ ഡവലപ്പ്മെൻറ് ട്രെയിനിംഗുകൾ, ടെക്നോളജി ക്ലിനിക്കുകൾ, ഇ.ഡി.പി, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ നടത്തി വരുന്നു. വിവിധ സംരംഭക മേഖലകളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭിക്കുന്നതിനും ജില്ലയുടെ പ്രത്യേകതകൾ അനുസരിച്ചുള്ള നിക്ഷേപക സാധ്യതകൾ ചർച്ചചെയ്യുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും മേൽ പറഞ്ഞ പ്രോഗ്രാമുകൾ സഹായിക്കുക വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. |
| (ബി) | ഓഫീസ് സംവിധാനം ഉൾപ്പെടെയുള്ളവ കാലാനുസൃതമായി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി KSWAN ഏകീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ - ഓഫീസ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br>വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട മാർജിൻ മണിലോൺ തിരിച്ചടവ്, ഇ.എസ്സ്.എസ്സ്. ലാൻറ് മാനേജ്മെൻറ് സിസ്റ്റം, വ്യവസായ ജാലകം, വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതി വിവരശേഖരം എന്നിവ സംബന്ധിച്ച സേവനങ്ങളും ഓൺലൈൻ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമാക്കിയിട്ടുണ്ട്. വ്യവസായജാലകം പദ്ധതി വഴി ജില്ലകളിലെ വ്യവസായ സംരംഭങ്ങളുടെയെല്ലാം ജിയോടാഗ്ഗിംഗ് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പ് മുഖേനയുള്ള എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസുകളിലും വ്യവസായ സംരംഭകർക്ക് കമ്പ്യൂട്ടർ മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭക സ്വയം സഹായക കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**